## 572

ബലഹീനനാകുമെന്നെ താങ്ങും നല്ല നാഥനേ!
പലകോടി സ്തോത്രം പാടി നിന്നെ വാഴ്ത്തിടുന്നു ഞാൻ
സ്തോത്രം സ്തോത്രമെന്നും സ്തോത്രമേ-

1 എന്നെത്തേടി നീ മന്നിൽ വന്നെന്നോ!
എന്നെ സ്നേഹിച്ചാകയാൽ തൻ ജീവൻ തന്നെന്നോ!

2 അറിവുകേടുകൾ അധികമുന്നിൽ
അറിഞ്ഞു നീ നിൻ അരികിലെന്നെ ചേർത്തണയ്ക്കണേ

3 തോൽവിയേയുള്ളു എന്നിലോർക്കുകിൽ
കാൽവറിയിലെ വിജയി നീയെൻ കൈ പിടിക്കണേ

4 സേനയാലല്ല സ്നേഹത്താലല്ലോ
ജയകിരീടമണിഞ്ഞു വാഴും രാജൻ നീയല്ലോ-

5 ഒരിക്കൽ നിന്നെ ഞാൻ നേരിൽ കിടും
ശരിക്കു തീരുമന്നു മാത്രമെൻ വിഷാദങ്ങൾ-

**M.E.C.**